**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1536** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>വിദേശ ഉപരിപഠനവും ഉന്നതവിദ്യാഭ്യാസ മേഖലയിൽ വരുത്തേണ്ട മാറ്റങ്ങളും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. ഡി. തോമസ് ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ പത്തു വർഷക്കാലയളവിൽ (2016-2026) കേരളത്തിൽ നിന്നും ഉപരിപഠനത്തിനായി വിദേശ രാജ്യങ്ങളിലേക്ക് പോയ വിദ്യാർത്ഥികളുടെ വിവരങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ഉപരിപഠനത്തിനായി വിദേശ രാജ്യങ്ങളിലേക്ക് പോയ വിദ്യാർത്ഥികളുടെ വർഷം തിരിച്ചുള്ള പ്രത്യേക കണക്കുകൾ വകുപ്പ് തലത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. എന്നാൽ വിദ്യാർത്ഥികൾക്കിടയിൽ വർദ്ധിച്ചു വരുന്ന ഇത്തരം പ്രവണതകളെക്കുറിച്ച് പരിശോധിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന 'Student Aspiration Survey' പരീക്ഷണാടിസ്ഥാനത്തിൽ നടത്തിക്കഴിഞ്ഞിട്ടുണ്ട്.

**(ബി)** സംസ്ഥാനത്തെ സർവ്വകലാശാലകളിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നിലനിൽക്കുന്ന എന്തെല്ലാം പോരായ്മകളും പരിമിതികളും മൂലമാണ് കേരളത്തിൽ നിന്നും ഇത്രയധികം വിദ്യാർത്ഥികൾ വിദേശത്തേക്ക് പഠനത്തിനായി പോകുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ സർവകലാശാലകളിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നിലനിൽക്കുന്ന പോരായ്മകളും പരിമിതികളും മൂലം മാത്രമല്ല വിദ്യാർത്ഥികൾ വിദേശപഠനം തെരഞ്ഞെടുക്കുന്നത്. ആഗോളതലത്തിലുള്ള തൊഴിൽ സാധ്യതകൾ, ഉയർന്ന ജീവിതനിലവാരം, പോസ്റ്റ്-സ്റ്റഡി വർക്ക് വിസ സൗകര്യങ്ങൾ, പഠനത്തോടൊപ്പം ജോലി ചെയ്യാനുള്ള പാർട് ടൈം അവസരങ്ങൾ, സ്ഥിരതാമസത്തിനുള്ള (PR) സാധ്യതകൾ, വിദേശ സർവകലാശാലകളിലെ സ്വകാര്യതയും സ്വാതന്ത്ര്യവും എന്നിവയുൾപ്പെടെയുള്ള ബഹുമുഖ ഘടകങ്ങളാണ് വിദ്യാർത്ഥികളെ ഇതിലേക്ക് ആകർഷിക്കുന്നത്. ഇത് ലോകമെമ്പാടും പൊതുവായി കണ്ടുവരുന്ന ഒരു പ്രവണതയാണ്.

എങ്കിലും സംസ്ഥാനത്തെ വിദ്യാഭ്യാസ-ഗവേഷണ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് സർക്കാർ തിരിച്ചറിയുകയും, ഇതിനായി നാല് വർഷ ബിരുദ പരിപാടിയുടെ പുരോഗതിയും ഗവേഷണത്തിൻ്റെ ഗുണനിലവാരവും പഠിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ വിവിധ സമിതികളെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

**(സി)** സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്തുന്നതിനും, വിദ്യാർത്ഥികളുടെ വിദേശത്തേക്കുള്ള ഒഴുക്ക് തടയുന്നതിനുമായി സർക്കാർ എന്തെല്ലാം അടിസ്ഥാന

സൗകര്യ വികസന പ്രവൃത്തികളും നയരൂപീകരണങ്ങളുമാണ് നിലവിൽ നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ;

**മറുപടി:** വിദ്യാർത്ഥികളുടെ അക്കാദമിക് പലായനം തടയുന്നതിനും ഉന്നതവിദ്യാഭ്യാസ രംഗം ആഗോള നിലവാരത്തിലേക്ക് ഉയർത്തുന്നതിനുമായി വിപുലമായ അടിസ്ഥാന സൗകര്യ വികസനങ്ങളും നയപരമായ പരിഷ്കാരങ്ങളും സർക്കാർ നടപ്പിലാക്കിവരുന്നുണ്ട്. നാല് വർഷ ബിരുദ കോഴ്സുകൾ (FYUGP), അത്യാധുനിക ലാബുകൾ, റിസർച്ച് പാർക്കുകൾ, സ്മാർട്ട് ക്ലാസ് മുറികൾ, ഡിജിറ്റൽ ലൈബ്രറികൾ എന്നിവ നടപ്പിലാക്കി. കിഫ്ബി (KIIFB) വഴിയുള്ള വൻതോതിലുള്ള പശ്ചാത്തല വികസന പ്രവർത്തനങ്ങൾ സർവകലാശാലകളിലും കോളേജുകളിലും പുരോഗമിക്കുന്നു. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇന്നൊവേഷൻ-സ്റ്റാർട്ടപ്പുകൾ പാഠ്യവിഷയമാക്കുകയും, 46 ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകളും മിനിഫാബ് ലാബുകളും ഉൽപാദന പരിശീലന കേന്ദ്രങ്ങളും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ, വ്യവസായ-വിദ്യാഭ്യാസ സഹകരണം വർദ്ധിപ്പിക്കുന്നതിനായി Industry on Campus (Earn and Learn), സംസ്ഥാനതല Apprenticeship Exchange Platform, തൊഴിൽ വിപണിയിലെ മാറ്റങ്ങൾക്കനുസരിച്ച് കോഴ്സുകൾ പരിഷ്കരിക്കാൻ Job Watch Tower (JWT), ഉന്നത ഗവേഷണ-നവീകരണങ്ങൾക്കായി Global Knowledge Exchange Park (GKEP) എന്നിവ വിഭാവനം ചെയ്തിട്ടുണ്ട്. വിദേശ സർവകലാശാലകളുമായി സഹകരിച്ച് സ്റ്റുഡന്റ് എക്സ്ചേഞ്ച്, ഡ്യുവൽ ഡിഗ്രി പ്രോഗ്രാമുകൾ എന്നിവ നടപ്പിലാക്കുന്നതിനൊപ്പം, സ്വകാര്യ-വിദേശ സർവകലാശാലകൾക്ക് (Private and Foreign Universities) സംസ്ഥാനത്ത് പ്രവർത്തനാനുമതി നൽകുന്നതിനുള്ള നിയമനിർമ്മാണ നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നു.

**(ഡി)** 2016 മുതൽ 2026 വരെയുള്ള അധ്യയനവർഷങ്ങളിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ എത്ര റാഗിംഗ് കേസുകൾ റിപ്പോർട്ട് ചെയ്തുവെന്നും എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വിശദമാക്കാമോ;

**മറുപടി:** വർഷം തിരിച്ചുള്ള പ്രത്യേക കണക്കുകൾ വകുപ്പ് തലത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആർട്സ് & സയൻസ് കോളേജുകളിലും, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എൻജിനീയറിങ്/പോളിടെക്നിക്ക് കോളേജുകളിലും റാഗിംഗ് കേസുകൾ റിപ്പോർട്ട് ചെയ്യുകയോ രജിസ്റ്റർ ചെയ്യുകയോ ചെയ്തിട്ടില്ല. എന്നാൽ കാലിക്കറ്റ് സർവകലാശാലയിൽ 2016 മുതൽ 2026 വരെയുള്ള കാലയളവിൽ ആകെ 157 റാഗിംഗ് പരാതികൾ ലഭിച്ചിട്ടുണ്ട്. യു.ജി.സി ചട്ടപ്രകാരം ക്രിമിനൽ സ്വഭാവമുള്ള പരാതികളിൽ പോലീസിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യാൻ അതത് സ്ഥാപന/ സർവ്വകലാശാലാ തലത്തിൽ നടപടി സ്വീകരിക്കാറുണ്ട്.

**(ഇ)** പ്രസ്തുത അധ്യയനവർഷങ്ങളിൽ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളിലെ റാഗിംഗ് കേസുകൾ വിദ്യാർത്ഥികളെയും രക്ഷകർത്താക്കളെയും സംസ്ഥാനത്തെ ക്യാമ്പസുകളിൽ നിന്നും അകറ്റിനിർത്തുന്നതായി റിപ്പോർട്ടുകൾ രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**മറുപടി:** ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ് സംഭവങ്ങൾ കാരണം വിദ്യാർത്ഥികളോ രക്ഷിതാക്കളോ സംസ്ഥാനത്തെ ക്യാമ്പസുകളിൽ നിന്ന് അകന്നുനിൽക്കുന്നതായി റിപ്പോർട്ടുകളൊന്നും രേഖപ്പെടുത്തിയിട്ടില്ല. ക്യാമ്പസുകളിൽ റാഗിംഗ് കർശനമായി തടയുന്നതിനായി ആന്റി-റാഗിംഗ് സ്ക്വാഡുകൾ, മോണിറ്ററിംഗ് സെല്ലുകൾ തുടങ്ങിയ സുരക്ഷാ സംവിധാനങ്ങൾ സർവകലാശാലകളിലും

കോളേജുകളിലും സജീവമായി പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കായി സിദ്ധാർത്ഥൻ ആപ്പ് (Sidharthan App), ക്യാമ്പസ് ഓംബുഡ്സ്മാൻ സംവിധാനങ്ങൾ നടപ്പിൽ വരുന്നുമുണ്ട്.

**സെക്ഷൻ ഓഫീസർ**